കണ്ണൂർ ജില്ലാ പഞ്ചായത്ത്
ഡയറ്റ് കണ്ണൂർ

# SSLC മുകുളം മാതൃകാ പരീക്ഷ -ഫിബ്രവരി -2019

## സോഷ്യൽ സയൻസ്

Time:2½hrs Score:80

**നിർദ്ദേശങ്ങൾ**

- ആദ്യ 15 മിനുട്ട് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വ്യക്തമായി വായിച്ചു മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തണം.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ഓരോ ചോദ്യത്തിനുമുള്ള സ്കോർ അതാതിന് നേരെ നൽകിയിട്ടുണ്ട്.

## PART A

1. വാണിജ്യബാങ്കുകൾ സ്വീകരിക്കുന്ന വിവിധതരം നിക്ഷേപങ്ങളും അവയുടെ സവിശേഷതകളും എഴുതുക. (4)
2. ''മെച്ചപ്പെട്ട വിദേശഭരണത്തേക്കാൾ നല്ലത് തദ്ദേശിയരുടെ മെച്ചമല്ലാത്ത ഭരണമാണ്.'' ആരുടെ വാക്കുകളാണിത് (1)
3. ഇന്ത്യയിൽ ദേശീയത രൂപപ്പെടുന്നതിന് വിദ്യാഭ്യാസവും സാഹിത്യവും എത്രത്തോളം സഹായകരമായെന്ന് വിശദീകരിക്കുക. (4)
4. പട്ടിക പൂർത്തീകരിക്കുക. (3)

| വിള | മണ്ണ് | മഴയുടെ അളവ് |
|---|---|---|
| ............... | .............. | 150cm ന് മുകളിൽ |
| ഗോതമ്പ് | ............... | ................. |
| ............... | നീർവാർച്ചയുള്ള എക്കൽ എണ്ണ് | ................... |

5. രാഷട്രതന്ത്രശാസ്ത്രത്തിലെ ഏതെങ്കിലും രണ്ട് പ്രധാനപഠന മേഖലകൾ എഴുതുക (2)

6. ഹിമാലയൻ നദികളുടേയും ഉപദ്വീപിയനദികളുടേയും സവിശേഷതകൾ താരതമ്യം ചെയ്യുക. (4)

7. സ്വകാര്യമേഖലയിലെ ഏറ്റവും വലിയ ഇരുമ്പുരുക്കുശാല? (1)

8. A കോളത്തിനനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തിയെഴുതുക. (4)

| A | B |
|---|---|
| ഖിലാഫത്ത് പ്രസ്ഥാനം | ലാലാ ഹർദയാൽ |
| ഗദ്ദർപാർട്ടി | മുഹമ്മദലി ജിന്ന |
| അഖിലേന്ത്യാട്രേഡ് യൂണിയൻ കോൺഗ്രസ് | മൗലാന മുഹമ്മദലി |
| സർവ്വേന്ത്യാലീഗ് | എൻ.എം.ജോഷി |

9. ബ്രിട്ടീഷ് നയങ്ങൾ ഇന്ത്യയിലെ ഗോത്രജനതയുടെ ജീവിതത്തിൽ സൃഷ്ടിച്ച ആഘാതങ്ങൾ വിശദീകരിക്കുക. (3)

10. മാനവശേഷിയുമായി ബന്ധപ്പെട്ട ചില സൂചകങ്ങൾ നൽകിയിരിക്കുന്നു. അനുയോജ്യമായ തലക്കെട്ട് നൽകി ക്രമപ്പെടുത്തുക.

(ആരോഗ്യപരിപാലനം , ജനസംഖ്യാവലുപ്പം, ജനസംഖ്യാഘടന, ആയുർദൈർഘ്യം, ആശ്രയത്വനിരക്ക്, വിദ്യാഭ്യാസം) (4)

11. ഒരു രാഷ്ട്രം എപ്പോഴാണ് പരമാധികാര രാഷ്ട്രമായി മാറുന്നത്? (2)

12. സർഗരചനയും സമൂഹശാസ്ത്രപഠനവും താരതമ്യം ചെയ്യുക. (3)

13. ഗാന്ധിജി നിസ്സഹകരണസമരം പിൻവലിക്കാനിടയാക്കിയ സംഭവം (1)

14. തന്നിരിക്കുന്ന ഇന്ത്യയുടെ ഭൂപടത്തിൽ താഴെ പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തുക. (4)

വിന്ധ്യാപർവ്വതനിര

ഗോദാവരി

മാൾവാപീഠഭൂമി

പാരദ്വീപ്

## PART B

15. പദസൂര്യൻ പൂർത്തിയാക്കുക. (3)




**അല്ലെങ്കിൽ**

പൗരബോധം രൂപപ്പെടുത്തുന്ന ഏതെങ്കിലും മൂന്നു ഘടകങ്ങൾ എഴുതുക.

16. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്ന ഏതെങ്കിലും നാല് സന്ദർഭങ്ങൾ എഴുതുക.(4)

**അല്ലെങ്കിൽ**

ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് പ്രത്യക്ഷനികുതികളും അവയുടെ സവിശേഷതകളും എഴുതുക.

17. ചിത്രത്തിൽ A,B,C,D,E എന്നിവ വിവിധകാലങ്ങളിലെ സൂര്യന്റെ സ്ഥാനത്തെ സൂചിപ്പിക്കുന്നു. ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5)




a) A,B,C, എന്നീ സ്ഥാനങ്ങളിൽ സൂര്യൻ കാണപ്പെടുന്ന തീയതികൾ ഏവ? ആ ദിനങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു.

b) D,E എന്നിവ ഏതു ഋതുക്കളെ സൂചിപ്പിക്കുന്നു.

**അല്ലെങ്കിൽ**

അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുക.

18.ത്രിതല ഉപഭോക്തൃകോടതികളുടെ ഘടനയും അധികാരവും പട്ടികപ്പെടുത്തുക. (4)

**അല്ലെങ്കിൽ**

സർക്കാരിന്റെ പ്രധാന നികുതയിതര വരുമാന മാർഗ്ഗങ്ങൾ ഏവ? സവിശേഷതകൾ വിശദീകരിക്കുക.

19. പൗരബോധരൂപീകരണത്തിൽ മാധ്യമങ്ങളുടെ പങ്ക് വ്യക്തമാക്കുക. (2)

**അല്ലെങ്കിൽ**

വിവരാവകാശകമ്മീഷന്റെ ഘടന വ്യക്തമാക്കുക.

20. സ്വാതന്ത്ര്യാനന്തര ഇന്ത്യ കൈവരിച്ച ശാസ്ത്രനേട്ടങ്ങൾ ഏവ? (3)

**അല്ലെങ്കിൽ**

ബ്രിട്ടീഷ് ഭരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ?

21. $30^0$ കിഴക്കുള്ള പ്രദേശത്ത് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഫുട്ബോൾ മത്സര ത്തിന്റെ തത്സമയ സംപ്രേഷണം $16^0$ പടിഞ്ഞാറുള്ള പ്രദേശത്ത് എത്ര മണിക്കാണ് കാണുക. (3)

**അല്ലെങ്കിൽ**

പ്രാദേശികവാതങ്ങൾക്കനുസരിച്ച് അവ അനുഭവപ്പെടുന്ന പ്രദേശങ്ങൾ ക്രമീകരിക്കുക.

| | |
|---|---|
| ലൂ | ഗഹാര |
| ചിനുക്ക് | ഉത്തരേന്ത്യ |
| ഹാർമാറ്റൻ | റോക്കി പർവ്വതനിര |

22. സ്വാതന്ത്ര്യാനന്തര ഭാരതം നേരിട്ട വെല്ലുവിളികൾ എന്തെല്ലാം? (3)

**അല്ലെങ്കിൽ**

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മലബാറിൽ നടന്ന പ്രക്ഷോഭങ്ങൾ ഏവ?

23. ലാറ്റിനമേരിക്കൻ വിപ്ലവങ്ങൾ വെറും രാഷ്ട്രീയവിപ്ലവങ്ങൾ മാത്രമായിരുന്നില്ല . സമർത്ഥിക്കുക.(സൂചകങ്ങൾ.നേതാക്കൾ-സാംസ്കാരിക അധിനിവേശം-വിഭവചൂഷണം) (6)

**അല്ലെങ്കിൽ**

ഒന്നാം ലോകമഹായുദ്ധത്തിലേക്ക് നയിച്ച പശ്ചാത്തലം വിശദീകരിക്കുക.

(സൂചകം:സൈനികസഖ്യങ്ങൾ - പ്രതിസന്ധികൾ-ത്രീവ്രദേശീയത)

24. വിദൂരസംവേദന സങ്കേതികവിദ്യയുടെ ഉപയോഗങ്ങൾ എഴുതുക. (4)

**അല്ലെങ്കിൽ**

ധരാതലീയഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൗതിക-സാംസ്കാരിക സവിശേഷതകൾ രേഖപ്പെടുത്തുക.

25. ഇ-ഗവേണൻസ് എന്തെന്ന് വ്യക്തമാക്കി ഏതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക. (3)

**അല്ലെങ്കിൽ**

പൗരബോധ രൂപീകരണത്തിൽ സാമൂഹ്യശാസ്ത്രത്തിന്റെ പങ്ക് വ്യക്തമാക്കുക.

*******************